**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2808** **06-10-2025 - ൽ മറുപടിയ്ക്ക്**

**കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകളുടെ ഭാഗമായി എത്ര നിക്ഷേപകർക്ക് നിക്ഷേപത്തുക നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | 28/07/2021 ലെ കണക്ക് പ്രകാരം ബാങ്കിന്റെ നിക്ഷേപ ബാക്കി നിൽപ് തുക 313.80 കോടി രൂപയായിരുന്നു. നിലവിൽ ബാങ്കിൽ 372.98 കോടി രൂപയുടെ വായ്പ ബാക്കിയുണ്ട്. കരുവന്നൂർ സർവീസ് സഹകരണ ബാങ്കിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടെങ്കിലും ബാങ്ക് ഇപ്പോഴും പ്രവർത്തിച്ചു വരുന്നതിനാൽ വായ്പ തിരിച്ചടവിന് അനുസൃതമായി നിക്ഷപകർക്ക് നിക്ഷേപം തിരികെ നൽകി വരുന്നുണ്ട്. കൂടാതെ അന്വേഷണത്തിന്റെ ഭാഗമായി സർചാർജ്ജ് നടപടികൾ പൂർത്തീകരിക്കുന്ന മുറക്ക് നഷ്ടപ്പെട്ട തുക ഉത്തരവാദികളിൽ നിന്നും ഈടാക്കി നിക്ഷേപകരുടെ ബാക്കി നിൽപ്പ് തുക വിതരണം ചെയ്യാൻ സാധിക്കും. |
| (ബി) | ഇതിൽ എത്രപേർക്ക് നിക്ഷേപത്തുക പൂർണ്ണമായും തിരികെ നൽകിയിട്ടുണ്ട്; | (ബി) | കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നടപ്പിലാക്കിയിട്ടുള്ള റിവൈവൽ പാക്കേജിന്റെ ഭാഗമായി 01/11/2023 മുതൽ 15/01/2025 വരെ 50,000/-രൂപ മുതൽ 1,00,000/- രൂപ വരെയുള്ള 24,777 പേരുടെ നിക്ഷേപ തുകയായ 63.89 കോടി രൂപ പൂർണമായും തിരികെ നൽകിയിട്ടുണ്ട്. കൂടാതെ ബാങ്കിന്റെ സാമ്പത്തിക പ്രതിസന്ധി തുടങ്ങിയ 28/07/2021 മുതൽ 26/09/2025 വരെയായി നിക്ഷേപ ഇനത്തിൽ മുതലും പലിശയും കൂടി 159.08 കോടി രൂപയും തിരികെ നൽകിയിട്ടുണ്ട്. |
| (സി) | ഇനി നിക്ഷേപത്തുക തിരികെ ലഭിക്കാനുള്ള എത്രപേരുണ്ടെന്നും ഈ ഇനത്തിൽ എത്ര തുകയാണ് നൽകുവാൻ ഉള്ളതെന്നും വ്യക്തമാക്കാമോ; | (സി) | 30,078 നിക്ഷേപകർക്കായി 263.62 കോടി രൂപ തിരികെ നൽകാനുണ്ട്. |
| (ഡി) | മേൽപ്പറഞ്ഞവർക്ക് നിക്ഷേപത്തുക പൂർണ്ണമായി തിരികെ നൽകാൻ എന്ന് സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | വായ്പ്പാ കുടിശ്ശിക ഉൾപ്പെടെ ബാങ്കിന് കിട്ടാനുള്ള തുകകൾ ഈടാക്കുന്നതിനുള്ള ഊർജിത നടപടികൾ നടന്നു വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിക്ഷേപത്തുക തിരികെ നല്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ